നമ്പർ: 37/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര ഓർത്തഡോക്സ് സഭയുടെ ഇടവക-മെത്രാസന-കേന്ദ്ര തലങ്ങളിലുള്ള ഭരണം നിർവ്വഹിക്കപ്പെട്ടു വരുന്നത് വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കുന്നതും ബഹു.സുപ്രീംകോടതി അംഗീകരിച്ചിട്ടുള്ളതുമായ ഭരണഘടനപ്രകാരമാണ്. സഭയുടെ വാർഷിക വരവുചെലവ് കണക്കുകൾ എല്ലാം കൃത്യമായി ഓഡിറ്റ് ചെയ്ത് നിയമപ്രകാരം അധികാരികൾക്കുമുമ്പാകെ സമർപ്പിച്ചുവരുന്നു. എന്നാൽ കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഭരണനിർവ്വഹണത്തിനായി 'കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ-2019', എന്ന പേരിൽ നിയമം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതായി അറിയുന്നു. ഇത് സംബന്ധിച്ച് പരിശുദ്ധ സഭയുടെ വിവിധ സമിതികളും ഉന്നത നിയമജ്ഞന്മാരും ചർച്ച ചെയ്യുകയുണ്ടായി. ക്രൈസ്തവ സഭകളുടെ സ്വാതന്ത്ര്യത്തെയും ന്യൂനപക്ഷ അവകാശങ്ങളെയും അവയുടെ തനത് ഭരണസംവിധാനങ്ങളിൽ ഊന്നിയുള്ള വികസനത്തെയും പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതാണ് ഈ ബിൽ എന്ന് കൃത്യമായ അഭിപ്രായം നമുക്ക് ലഭിച്ചു. ഈ ബില്ലിനെ സംബന്ധിച്ചുള്ള നമ്മുടെ പ്രതിഷേധം അധികാരികളെ അറിയിക്കേണ്ടത് ആവശ്യമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ധ്വംസിക്കുന്നതും നിയമാനുസൃതമായ പ്രശ്നപരിഹാരത്തിനുള്ള സ്വാതന്ത്ര്യം പോലും ഇല്ലാതാക്കുന്നതുമായ ഈ ബിൽ നിയമമാക്കുന്നതിനുള്ള നടപടികളിൽ നിന്ന് സർക്കാർ പിന്തിരിയേണ്ടതാണ്. ബിൽ സംബന്ധിച്ച് നമ്മുടെ സഭയുടെ പ്രതിഷേധം അറിയിക്കുന്നതിനായി ഇതോടൊപ്പം അയച്ചുതരുന്ന പ്രമേയം ഇടവകകളിൽ അവതരിപ്പിച്ച് വികാരിയുടെയും കൈസ്ഥാനിയുടെയും ആ പള്ളി ഇടവകയിലെ എല്ലാ വിശ്വാസികളുടെയും ഒപ്പുകൾ ശേഖരിച്ച് ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ പേർക്കും സംസ്ഥാന ചീഫ് സെക്രട്ടറിയുടെയും പേർക്കും ഒരാഴ്ച്ചയ്ക്കകം അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 മാർച്ച് മാസം 01-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.